**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2887** **18-03-2022 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. രാജ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായുള്ള പ്രത്യേക നയരേഖയിൽ വന പുന:സ്ഥാപനം അടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി സർക്കാർ ഉത്തരവ് (കൈ) നം 29/2021/വനം തീയതി 17.12.2021 പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണ ത്തോടെയുള്ള പദ്ധതികളാണ് ഈ നയം വിഭാവനം ചെയ്യുന്നത്. ആരോഗ്യകരമായ പരിസ്ഥിതി പുനസ്ഥാപിക്കുന്നതു വഴി സുസ്ഥിരമായ സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ടി നയത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത നയരേഖ പ്രാവർത്തികമാക്കാൻ താഴെ പറയുന്ന കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തിനിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക; വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക. നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക. വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുക. വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം |

| | | | |
|---|---|---|---|
| | | | ചെയ്യുക. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം നടപ്പിലാക്കുക. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക. ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക. പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക. കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽകരണം നടപ്പാക്കുക. കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക. നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്. വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക. കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക. പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘ കാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക. ഇത്തരത്തിൽ വന പുന:സ്ഥാപന പ്രവർത്തനങ്ങൾ വൻതോതിൽ ഏറ്റെടുക്കുന്ന ആദ്യ സംസ്ഥാനമാവുകയാണ് കേരളം. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക സേവനങ്ങളും, തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നതാണ്. ഇത്തരത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടു കൂടി നടപ്പാക്കുന്ന വന പുന:സ്ഥാപന നയം കേരളത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാവും. |

സെക്ഷൻ ഓഫീസർ